

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 21 No. 8 Newsletter August 2023



കർത്താവോ വിശ്വസ്തൻ;
അവൻ നിങ്ങളെ ഉറപ്പിച്ചു ദുഷ്ടന്റെ കയ്യിൽ
അകപ്പെടാതവണ്ണം കാത്തുകൊള്ളും.
2 തെസ്സലൊനീക്യർ 3:3




# GRAND CONCERT

**at 6.15 pm on Sunday 6th August 2023**
**at Salvation Army Johnson Hall**
**Kowdiar - Kuravankonam Road**

Chief Guest
**Rev. Dr. L.E. Sahanam**

Compere
**Dr. Christenson E. Sarasam**

**A 200 voice choir, combining all participating choirs will present classical choruses from G.F. Handel's Oratorio**

## Leading choirs will be performing Classical Choral Songs.

## All are cordially Invited

**S.P. Thomas** (CONVENOR)
M.M. Church English Service Choirmaster & Organist

# CHURCH VOICE

21st year of publication

**AUGUST 2023**



**EDITORIAL BOARD**

**EDITOR**

Mrs. Valsa D. S.

**SUB EDITOR**

Er. Ceragil Austin Prince

**MEMBERS**

Er. D. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


## CSI MATEER MEMORIAL CHURCH

### Regular Weekly Programme

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Tamil Service | 07:15am |
| | Choir Practice | 08.30am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Mon | Vestry Prayer | 05.00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



**LETTER FROM PRESBYTER**



# പ്ലാറ്റിനം ജൂബിലി വരെ... 9

**Rev. Dr. L. E. Sahanam**

### കൗണ്ടർ റിഫർമേഷൻ (Counter Reformation)

സഭാനവീകരണാശയങ്ങൾ ഒരു പ്രസ്ഥാനമായി രൂപപ്പെടുന്നതിനുമുമ്പുതന്നെ റോമൻ കത്തോലിക്കാ സഭയിൽ നിലനിന്നിരുന്ന നിരവധി അനാചാരങ്ങളെക്കുറിച്ചു പല പുരോഹിതന്മാരും ചോദ്യങ്ങൾ ഉയർത്തിയിരുന്നു. മാർട്ടിൻ ലൂഥറിന്റെ വരവോടുകൂടി വിമർശനങ്ങൾക്കു ശക്തി കൂടുകയും പാശ്ചാത്യ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വേദശാസ്ത്ര ചിന്തകൾ അത്തരം വിമർശനങ്ങൾക്ക് മൂർച്ച കൂട്ടുകയും ചെയ്തു. വിമർശകർ ഉയർത്തിയ പോപ്പിന്റെ അധികാരം, അധികാര ദുർവിനിയോഗം, പാപമോചന ചീട്ടിന്റെ വില്പന, വിശുദ്ധന്മാരെ ആരാധിക്കുക, (**Veneration of Saints**) സഭയുടെ സാമ്പത്തീക ഇടപാടുകളുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങൾ, സ്വജന പക്ഷപാതം, വിശ്വാസപരമായ വിഷയങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ തുടങ്ങിയവയെ പ്രതിരോധിക്കേണ്ടുന്നത് സഭയുടെ നിലനിൽപിന് അനിവാര്യമായിത്തീർന്നു. അത്തരം പ്രതിരോധനത്തിന് സഭക്കുള്ളിൽ നിന്ന് ആരംഭിച്ച ഒരു ശുദ്ധീകരണ പ്രക്രിയയാണ് കൗണ്ടർ റിഫർമേഷൻ (**Counter Reformation**) അഥവാ കത്തോലിക്കാ നവീകരണം (**Catholic Reformation**).

1534 മുതൽ 49 വരെ പോപ്പായിരുന്ന പോൾ മൂന്നാമനാണ് കൗണ്ടർ റിഫർമേഷന് തുടക്കം കുറിച്ചത്. 1543 മുതൽ 1563 വരെയുള്ള കാലഘട്ടങ്ങളിൽ വിവിധ ഇടവേളകളിലായി ഇറ്റലിയിലെ ട്രെന്റ് എന്ന പട്ടണത്തിൽ വച്ച് നടത്തപ്പെട്ട കൗൺസിൽ ഓഫ് ട്രെന്റ് (**Council of Trend**) എന്ന് പില്ക്കാലത്തറിയപ്പെട്ട സമ്മേളനങ്ങളിലൂടെ കത്തോലിക്കാ റിഫർമേഷന് തുടക്കം കുറിച്ചു. ഈ സമ്മേളനങ്ങളിൽ വച്ച് സഭയെ ശുദ്ധീകരിക്കുന്നതിനും, നവീകരിക്കുന്നതിനും പല തീരുമാനങ്ങൾ കൈക്കൊണ്ടു. മറ്റു വിഷയങ്ങളോടൊപ്പം നവീകരണവാദികൾ ഉന്നയിച്ച 'വിശ്വാസത്താലുള്ള നീതീകരണം' ഉൾപ്പെടെ മിക്കവാറും എല്ലാ വിശ്വാസപരമായ കാര്യങ്ങളും ആചാരപരമായ വിഷയങ്ങളും സഭാഭരണപരമായ രീതികളും വിശദമായി വിശകലനം ചെയ്യുന്നതിനും, നവീകരണ വാദികളുടെ വിമർശനങ്ങൾക്ക് തക്കതായ മറുപടി

നൽകുന്നതിനും, പുതിയ വ്യാഖ്യാനങ്ങൾ നൽകുന്നതിനും, കത്തോലിക്കാ സഭക്ക് പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുന്നതിനും ഈ സമ്മേളനങ്ങൾ തുടക്കം കുറിച്ചു. നവീകരണ വാദികളുടെ വേദശാസ്ത്ര വിമർശനങ്ങൾക്ക് ഔദ്യോഗികമായി മറുപടി നൽകുന്നതിനും സഭയുടെ ആദിമകാലം മുതൽ അവ്യക്തമായി നിലനിന്നിരുന്ന നിരവധി വിഷയങ്ങളിൽ നീതിയുക്തമായ വ്യക്തത വരുത്തുന്നതിനും അതിലൂടെ സഭയുടെ ഭദ്രത കാത്തു സൂക്ഷിക്കുന്നതിനും ഈ സമ്മേളനങ്ങൾ ഉപകരിച്ചു.

പ്രധാനമായും രണ്ടു മേഖലകളിൽ ഈ സമ്മേളനങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു. ഒന്ന്, വേദശാസ്ത്ര രംഗത്ത് ലൂഥറും കൂട്ടാളികളും നവീകരണ മുദ്രാവാക്യമായി ഉയർത്തിപ്പിടിച്ച "പഞ്ചസുക്തങ്ങൾക്ക്" വേദപുസ്തകാടിസ്ഥാനത്തിൽ തന്നെ മറുപടി നൽകുക എന്നതാണ്. 'നീതീകരണം വിശ്വാസത്താൽ മാത്രം' (**Justification by faith alone**) എന്ന വ്യാഖ്യാനം ഉയർത്തി രക്ഷയ്ക്ക് സത്കർമ്മങ്ങളെ പാടെ നിഷേധിച്ചു കൊണ്ടുള്ള ഒരു നിലപാടിനു വിരുദ്ധമായി വിശ്വാസത്തിലും സത്കർമ്മങ്ങളിലും അധിഷ്ഠിതമായി ഇവ രണ്ടും നീതീകരണത്തിനുള്ള അവിഭാജ്യ ഘടകങ്ങളാണെന്ന് വേദപുസ്തകാടിസ്ഥാനത്തിൽ തന്നെ സ്ഥാപിക്കുന്നതിന് അവർ ശ്രമിച്ചു. നവീകരണ വാദികൾ വേദപുസ്തകം എഴുതപ്പെട്ട എബ്രായ യവന ഭാഷകളിലെ (**Hebrew and Greek**) ഗ്രന്ഥങ്ങൾക്ക് പ്രാമുഖ്യം നൽകിയപ്പോൾ, കൗൺസിൽ ഓഫ് ട്രെന്റിലൂടെ ആദ്യകാല ലത്തീൻ പരിഭാഷയായ (**Latin**) 'വൾഗേറ്റ്' (**Valgate**) എന്നറിയപ്പെടുന്ന ലത്തീൻ പരിഭാഷയുടെ ആധികാരികതക്ക് പ്രാധാന്യം നൽകി.

രണ്ട്, സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ ഒരു പരിവർത്തനം വരുത്തുന്നതിനു തുടക്കം കുറിച്ചു. പൗരോഹിത്യത്തിന്റെ ഭാഗമായിത്തീർന്ന അഴിമതി അവസാനിപ്പിക്കുക, പുരോഹിതരുടെ വിവാഹ സംബന്ധമായ വിഷയങ്ങൾ തീരുമാനിക്കുക, പൗരോഹിത്യ ശുശ്രൂഷക്ക് വരുന്നവരുടെ പരിശീലനം ക്രമപ്പെടുത്തുക, അവരുടെ ധാരാളിത്ത ജീവിത ശൈലിക്ക് കടിഞ്ഞാണിടുക, സഭയിലെ സാമ്പത്തിക ദുർവ്യയം അവസാനിപ്പിക്കുക തുടങ്ങി പൗരോഹിത്യവുമായി ബന്ധപ്പെട്ട പല മാറ്റങ്ങൾക്കും തുടക്കം കുറിച്ചു. കത്തോലിക്കാ സഭ അംഗീകരിച്ച ഏഴ് വിശുദ്ധ ശുശ്രൂഷകൾ (**Seven Sacraments**) നിർവഹിക്കുന്നതിലുള്ള കുഴഞ്ഞു മറിഞ്ഞ അവസ്ഥ അവസാനിപ്പിക്കുന്നതിനും, രീതിയിലും, സഭാ പരിപാലത്തിലും കാതലായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള പ്രായോഗിക നിർദ്ദേശങ്ങൾ കൗൺസിൻ ഓഫ് ട്രെന്റിൽ വിശദമായ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു.

ആദ്യമായി അവർ മതദ്രോഹവിചാരണക്കായി 1542-ൽ റോമൻ

ഇൻക്വ്യസിഷൻ (**Roman Inquisition**) എന്ന പേരിൽ ഒരു സംവിധാനം ഏർപ്പെടുത്തി. റോമർ കത്തോലിക്കാ വിശ്വാസത്തിനെതിരായി നവീകരണ വാദികളുയർത്തിയ വാദമുഖങ്ങളെ ഖണ്ഡിക്കുകയായിരുന്നു ലക്ഷ്യം. ചിലയിടങ്ങളിലെങ്കിലും രാഷ്ട്രീയാധികാരത്തിന്റെ പിൻബലത്തിൽ നവീകരണവാദികളെ പീഡിപ്പിക്കുന്നതിനും, നിർബന്ധിച്ചു സഭയുടെ വരുതിക്കു കീഴിലാക്കുന്നതിനും അതിലൂടെ അവർക്കു സാധിച്ചു.

1559-ൽ നവീകരണ ആശയങ്ങൾ പ്രചരിപ്പിക്കുന്ന പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും വിതരണവും തടയുന്നതിന്, നിരോധിച്ച പുസ്തകങ്ങളുടെ ഒരു പട്ടിക പ്രസിദ്ധീകരിക്കുകയും (**Index of forbidden books**) പല പുസ്തകങ്ങളും വിശ്വാസ നിഷേധികളായി പ്രഖ്യാപിക്കുകയും അവയെ നശിപ്പിക്കുകയും അവയുടെ പ്രസാധകരെ ഓടിക്കുകയും ചെയ്തു.

കൗണ്ടർ റിഫർമേഷന്റെ ഭാഗമായി റോമൻ കത്തോലിക്ക സഭയിൽ ശുശ്രൂഷയുടെ വിവിധ മേഖലകളിൽ ദൂരവ്യാപകമായ പരിഷ്ക്കാരങ്ങൾക്കു വഴിതെളിച്ച, ഇരുപത്തിനാലിലധികം സഭാവ്യവസ്ഥകൾ (Church Orders) രൂപം കൊണ്ടു. പ്രധാനമായും മൂന്നു വിഭാഗങ്ങളിലായി പല കാലയളവിലായി അവ നിലവിൽ വന്നു. ഓരോ വിഭാഗങ്ങൾക്കും (Orders) തങ്ങളുടെ ഭരണ സംവിധാനങ്ങളും പ്രവർത്തന മേഖലകളുമുണ്ട്. ചിലവ പരസ്പര വിരുദ്ധമാണെന്നു തോന്നാം. പക്ഷെ ഇവയെല്ലാം യോജിപ്പിച്ചു നിറുത്തുന്ന പൊതുഘടകം പോപ്പിനോട് പൂർണ്ണ വിധേയത്വം കാത്തു സൂക്ഷിക്കുന്നു എന്നതാണ്.

**സൊസൈറ്റി ഓഫ് ജീസസ് (S.J.)**

റോമൻ കത്തോലിക്കാ സഭക്ക് ഒരു പുതിയ മാനം നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു വിഭാഗമാണ് പൗരോഹിത്യ സമൂഹത്തിൽപ്പെട്ട സൊസൈറ്റി ഓഫ് ജീസസ് അഥവാ ജസ്യൂട്ട്സ്. 1534 ആഗസ്റ്റ് 15-ന് പാരീസ് സർവകലാശാലയിലെ ആറു ചെറുപ്പക്കാരുടെ സഹകരണത്തിൽ ഇഗ്നേഷ്യസ് ലയോള ആരംഭിച്ച പ്രസ്ഥാനമാണ് എസ്.ജെ. ദൈവത്തിനു മഹത്വം നൽകുന്നതിന് (**For the greater glory of God**) എന്ന ആപ്തവാക്യം സ്വീകരിച്ച അവർ, വിദ്യാഭ്യാസം, ആതുര സേവനം, മിഷനറി പ്രവർത്തനം എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 1556-ൽ ഇഗ്നേഷ്യസിന്റെ മരണസമയം ആയിരത്തിലധികം എസ്.ജെ. മിഷനറിമാർ പ്രവർത്തിച്ചിരുന്നു. 1749-ൽ അത് 22589 ആയി ഉയർന്നു. ലോകത്താകമാനം ഇന്ന് പ്രവർത്തിക്കുന്ന ലയോള സ്കൂളുകൾ, കോളേജുകൾ, എസ്.ജെ.യുടെ മറ്റു സ്ഥാപനങ്ങൾ എന്നിവ റോമൻ

കത്തോലിക്കാ സഭക്ക് നവീകരണത്തിന്റെ ശ്രേയസ് നേടിക്കൊടുത്തിരിക്കുന്നു. ഇപ്പോഴത്തെ പോപ്പ് ഫ്രാൻസിസ് മാർപ്പാപ്പ എസ്.ജെ. വിഭാഗത്തിൽ നിന്നുവന്നതാണ്.

പൗരോഹിത്യ സമൂഹത്തിൽ (**Clerical Orders**)പ്പെട്ട രണ്ട് പ്രധാന ഓർഡേഴ്സ് ആണ് അഗസ്റ്റീനിയൻ വിഭാഗക്കാരും (**Augustinians**), സെലേഷ്യൻ വിഭാഗക്കാരും (**Seletians**). വിദ്യാഭ്യാസം, സഭാപരിപാലനം, സുവിശേഷീകരണം, യുവാക്കളുടെയിടയിലെ പ്രവർത്തനം എന്നിവക്ക് അവർ പ്രാധാന്യം നൽകുന്നു.

മറ്റൊരു പ്രബലവിഭാഗമാണ് സന്യാസി സമൂഹങ്ങൾ: (**Mendicant Orders**), ഫ്രാൻസിസ്ക്കൻസ് (**Franciscans**), കാർമലൈറ്റ്സ് (**Carmalites**), ഡൊമിനിക്കൻസ് (**Dominicans**) എന്നിവർ ഈ വിഭാഗത്തിൽപ്പെടുന്നു. സുവിശേഷ പ്രവർത്തനം, വചന പ്രഘോഷണം ആതുരസേവനം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ ഇവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

മൂന്നാമതൊരു വിഭാഗമാണ് ആശ്രമവാസികൾ (**Monastic Orders**). കർശന ജീവിത നിർബന്ധനകളുള്ള സിസ്റ്റേർസിയൻ സമൂഹം (**Cistersian Order**), ധ്യാനത്തിലും പ്രാർത്ഥനയിലും അധികം സമയം ചിലവാക്കുന്ന ബനഡിക്റ്റൈൻ സമൂഹം (**Benedictine Order**), ലളിത ജീവിതം നയിച്ച് സാധുക്കളുടെ മധ്യേ പ്രവർത്തിക്കുന്ന കാർത്തുസിയൻ വിഭാഗം (**Carthusian Order**) എന്നിവർ ഈ വിഭാഗത്തിൽപ്പെടുന്നു.

വിവിധ ഓർഡറുകളിൽ ഏറ്റവും ഒടുവിലത്തേത് എന്നു പറയാവുന്നതാണ് മദർ തെരേസയുടെ **സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി.** അതിന്റെ പ്രവർത്തനം നമുക്കറിവുള്ളതാണല്ലോ.

കൗൺണ്ടർ റിഫർമേഷന്റെ ഭാഗമായി കത്തോലിക്കാ സഭയിൽ കാണുന്ന ഒരു വസ്തുത, നവീകരണത്തിന്റെ പേരിൽ മറ്റൊരു വിഭാഗം സഭയിൽ നിന്നു പുറത്തുപോകാനവർ ആഗ്രഹിക്കുന്നില്ല എന്നതാണ്. സ്വദേശവൽക്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ക്കാരങ്ങളെയും സഭയുടെ ഭാഗമാക്കാൻ അവർ മടിക്കാറില്ല. ഇന്ത്യയിൽ തന്നെ ഹൈന്ദവമായ പല ആരാധനാരീതികളും ഉൾക്കൊള്ളുന്നതിനവർക്കു മടിയില്ല. 1960-കളിലെ വിമോചനത്തിന്റെ ദൈവശാസ്ത്രവും, ലാറ്റിനമേരിക്കയിലെ സായുധവിപ്ലവവും, കാരിസ്മാറ്റിക് ദൈവശാസ്ത്രത്തിന്റെ ആത്മാഭിഷേകവും, സമീപകാലത്തെ കേരളത്തിലെ മത്സ്യതൊഴിലാളി സമരവും, വിഴിഞ്ഞം തുറമുഖ സമരവുമെല്ലാം സഭയുടെ വിശ്വാസത്തിന്റെ ഭാഗമായി കാണുന്നതിനും ഉൾക്കൊള്ളുന്നതിനും ആവശ്യമെങ്കിൽ, അവർക്ക് നേതൃത്വം നൽകുന്നതിനും കത്തോലിക്കാ സഭ ഇന്ന് മടിക്കാറില്ല.

# REPORT OF ACTIVITIES



Dear friends in Christ,

Greetings in the matchless name of our Lord and Saviour Jesus Christ.

I am privileged to report the activities during the month of July 2023.

By the grace of God Almighty, worship services were conducted on all Sundays. Tamil services at 7:15am were led by Rev. Thapasi Das and Rev. Oliver Stanley.Er. Jaydesh shared the Word of God for Tamil service on 30th July.Rev. Ajilal, Rev. N. Nelson, Dr.AnishAnslem, Adv. Sarjine Thomas and Rev. Sujin Jacob gave sermons for Malayalam service, which was held at 9:00 am.

Fasting prayer was conducted on second Saturday 10th June from 10 am onwards. Worship and songs were led by CEYF and sermon was delivered by Rev. Dr. Crispin Baju. Many members of our church lead the intercession prayer.

Circle prayers were arranged on all Fridays. During the month, circle prayers were conducted at the residences of Sri. Bose Chandraraj Joseph, Mrs.Sulochi Berty, Dr.Kishor Mohan and Sri.Raja Singh.

Online prayer from 8:00 pm to 9:00 pm, on all days, except Sunday and intercession prayer on Sundays, from 12:00 noon to 1:00 pm are going on with good attendance. Vestry prayer was held on all Mondays, from 5:00pm to 6:00 pm, led by Rev. Dr. L. E. Sahanam and Prof. Raja Prasad.

Activities of all sub-organizations went on well. A seminar on Drug Abuse, Consequences and Prevention was organised by Sunday School on 9th July. The seminar was led by Sri Raja Singh (Retd. Excise Asst. Commissioner).

Action council meeting was held on Saturday, 8th July 2023 to discuss the further plan of action.

The Managing Committee of MMCCF met on 16th July 2023 at 2:00pm in the Johnson Hall for routine discussions and passed the accounts for the month of June 2023.

Our efforts to regain the pocession of MM church campus are progressing. I take this opportunity to thank each one of you for rendering support and guidance. Let's continue to pray and work together in unity.

**Adv. Sarjine Thomas**

# *Games Talent explored....*

Inspiration : DPJ; Report : CES

## CRICKET & THE "GODWINS"

PT Godwin's passion for pitch and play gained him an illustrious Cricket career in Trivandrum city. He studied in the St. Joseph's school. Bhaskaran Sir was his PT teacher and trainer in the early years. By constant practice and hard work,



**Pradeep T. Godwin**

- ❖ Pradeep found entry into the Kerala State Schools team, which became champions in the All India Schools Cricket series.
- ❖ Represented the Kerala State Junior team
- ❖ Represented Kerala University
- ❖ Represented The Indian Railways
- ❖ Attended several State level and National level Training camps
- ❖ Represented Kerala State in the Ranji Trophy for over a decade.

**Pradeep belongs to a family of cricketers.** He served the Indian Railways for over three decades in the Trivandrum Central Division. Elder brother: Kerala player NS Godwin (Food Corporation of India), younger brothers: - Kerala University player RN Godwin (Post & Telegraphs) and Kerala player JY Godwin (Reserve Bank of India). All four brothers had the benefit of sports talent and competence to find suitable placements in record time in Govt. departments.

**PT Godwin was an all-rounder. He occupies a special place in Kerala cricket. He is fondly remembered as an explosive batsman, awesome off-spinner and an uncompromising fielder. He sustained a major fracture in his left hand while fielding. He occupies a special page in Kerala cricket.**

Having finished Pre-Degree at MG College, he graduated in Commerce from the Govt. Arts College. All along, his practice ground was Central Stadium, Trivandrum. While regular to practice, he never compromised on his participation in the family prayers both in the morning and at night. His day dawned at 5.30am. After family devotion, which was a top priority for the family, he practised in the ground along with siblings and then by 9am, he was ready for school after having breakfast.

Again in the evening from 4.30 to 6pm, he used to attend practice in the stadium. After a refreshing bath, meticulous study time was intensive for two hours before food. Night family prayer was a pleasant experience – singing songs in full swing lead by their father Sri. T. Godwin, a former Secretary of the Mateer Memorial Church Choir. Saturdays were set for practice matches. Maximum attention was devoted to see that Sunday Church Worship service was not ignored.

To keep going, Pradeep did not follow any special diet. Whatever was prepared by their Amma was relished wholeheartedly. However, tapioca, fish curry, beef fry and chops were his favourite dishes. Representing Railways, he has travelled all over South India and has played matches in Calcutta, Bombay and New Delhi. His contact base in the cricketing fraternity is indeed large. He had deep friendship with those in cricket leadership like Sri. SK Nair, former Secretary of the BCCI. He was privileged to associate with several Indian players of the 1983 World Cup.

Pradeep T Godwin testifies: **"Cricket gave me a good livelihood".**



## പ്രതിവാര ധ്യാനം

**ആഗസ്റ്റ് 6, 2023**

**സുവിശേഷം: ഏവർക്കുമുള്ള നല്ല വാർത്ത**

യെശ. 55:1-6, സങ്കീർത്തനം 146, അപ്പൊ. 10:34-43, മത്തായി 4:17-25

**ആഗസ്റ്റ് 13, 2023**

**സ്നാനം എന്ന കൂദാശ**

പുറപ്പാട് 14:15-31, സങ്കീ. 32, തീത്തൊസ് 3:3-8, യോഹ. 3:1-8

**ആഗസ്റ്റ് 20, 2023**

**തിരുവത്താഴം എന്ന കൂദാശ**

ഉല്പ. 14:7-24, സങ്കീ. 104:14-30, 1 കൊരി. 10:15-17, മർക്കൊ. 14:12-26

**ആഗസ്റ്റ് 27, 2023**

**ബഹുവിശ്വാസ സമൂഹത്തിൽ ക്രിസ്തീയ സാന്നിദ്ധ്യം**

ദാനിയേൽ 1:1-21, സങ്കീ. 67, അപ്പൊ. 10:9-16, മത്തായി 13:31-33



# സാക്ഷാൽ സ്വാതന്ത്ര്യത്തിന്റെ പാതയിൽ

**ഡോ. ക്രിസ്റ്റെൻസൺ ഈ. സാരസം**

സ്വാതന്ത്ര്യം എല്ലാവരുടെയും അവകാശമാണ്. 'എല്ലാവരും സ്വതന്ത്രമായി ജനിക്കുന്നു വാസ്തവം. എന്നാൽ, എല്ലായിടത്തും ചങ്ങലയിലാണ്'. ജാതിയും വർഗ്ഗവും വർണവും ദേശീയതയും മതവും അങ്ങനെ എന്തെല്ലാം ഘടകങ്ങൾ മനുഷ്യന് അതിർവരമ്പൊരുക്കുന്നു. **ഭാരത ജനത എന്ന നിലയിൽ 77-ാമത് സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുകയാണല്ലോ. എന്നാൽ, സാമൂഹ്യ ജീവിതത്തിലും സഭാജീവിതത്തിലും, അധികാരം കൈയ്യാളുന്നവരുടെ കരാളഹസ്തങ്ങൾക്കിരയായി അനേകായിരങ്ങൾ പാരതന്ത്ര്യത്തിന്റെ തിക്താനുഭവത്തിലാണ്.** സ്വാതന്ത്ര്യം തേടിയുള്ള മനുഷ്യന്റെ യാത്രയുടെ വഴിയിൽ ജീവൻ ഹോമിച്ച എത്രയോ ദേശാഭിമാനികൾ, രക്തസാക്ഷികൾ. അവരുടെ വിലപ്പെട്ട ജീവിതങ്ങളും സംഭാവനകളും നമ്മോട് സംസാരിക്കുന്നു. എങ്കിലും ഇത്ര വർഷങ്ങൾ കഴിഞ്ഞിട്ടും എല്ലാവർക്കും ഒരുമയോടെ പുലരാനാകുന്ന ദിനങ്ങൾ ഇനിയും നമ്മിൽ നിന്ന് എത്രയോ അകലെയാണ്.

ദേശീയ ഭരണകക്ഷിയുടെ ആശീർവാദത്തോടെ, വർഗീയതയുടെ വിഷവിത്തുകൾ കുത്തിവച്ചു, നൂറിലധികം നിഷ്കളങ്കരും നിസ്വാർഥരും രാജ്യസ്നേഹികളുമായ ക്രിസ്തീയ വിശ്വാസികളടക്കം കുക്കി ഗോത്രക്കാരെ മണിപ്പൂരിൽ നിഷ്കരുണം കൊലചെയ്യപ്പെട്ടിട്ടു രണ്ട് മാസങ്ങൾ പിന്നിട്ടിരിക്കുന്നു. മുന്നൂറോളം ക്രിസ്തീയ ആരാധനാലയങ്ങൾ തകർക്കപ്പെട്ടു. ആയിരക്കണക്കിന് സാധാരണ ജനങ്ങളുടെ പാർപ്പിടങ്ങൾ തീയ്ക്ക് ഇരയാക്കി. ആക്രമിക്കപ്പെട്ടവരിൽ അവശേഷിക്കുന്നവർ വയോധികരും, രോഗികളും, കൈക്കുഞ്ഞുങ്ങളും അടക്കം.., മുപ്പത്തയ്യായിരം പേരിലധികം പേർ .... എല്ലാം എല്ലാം നഷ്ടപ്പെട്ട്, പട്ടാള ക്യാമ്പുകളിലും വിജനമായ കുന്നിൻ ചരിവുകളിലും, തണുത്തുറഞ്ഞ കാലാവസ്ഥയിൽ അത്യാവശ്യം ഭക്ഷണമോ വിശ്രമമോപോലും ഇല്ലാതെ, ഭാവി എന്തെന്ന് അറിയാതെ, പ്രാർത്ഥനയിലും ആരാധനയിലും ദിനരാത്രങ്ങൾ തള്ളിനീക്കുകയാണ്. മാധ്യമങ്ങളിലൂടെ ഇതെല്ലാം അറിഞ്ഞിട്ടും കണ്ടിട്ടും കേട്ടിട്ടും, ഇന്ത്യൻ പ്രധാനമന്ത്രി മൗനം പാലിക്കുന്നു. ഭാരത ഭരണകൂടം ഈ ദാരുണ സംഭവത്തിനു പിന്നാലെ

സമാധാന പുനഃസ്ഥാപനത്തിനു ഒരു ചെറുവിരൽപോലും ഇന്നാൾ വരെ അനക്കിയിട്ടില്ല. സ്വാതന്ത്ര്യം നേടിയ ഒരു ജനതയുടെ രാഷ്ട്രശരീരത്തിൽ നിന്നും ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും മൂല്യങ്ങളെല്ലാം നഷ്ടപ്പെട്ടാൽ പിന്നെ 'ബാക്കി വല്ലതുമുണ്ടോ?'. **സ്വാതന്ത്ര്യം ഒരു കിട്ടാക്കനിയായിത്തീർന്നിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ നസ്രേത്തിലെ നയപ്രഖ്യാപന പ്രസംഗം...' '...ബദ്ധന്മാർക്ക് വിടുതൽ, കുരുടർക്ക് കാഴ്ച, പീഡിതർക്ക് വിമോചനം....' (ലൂക്കൊസ് 4:18) തന്നെയാണ് എല്ലാക്കാലത്തും സ്വാതന്ത്ര്യത്തിന്റെ സുവിശേഷം.**

വിദേശ അടിമത്വത്തിൽ നിന്നും വിമോചനം നേടിയ നാം അടിമത്വവും സ്വാതന്ത്ര്യവും തമ്മിലെ വ്യത്യാസം അറിഞ്ഞിരിക്കണം. അടിമത്തം ഒരു നിശ്ചലാവസ്ഥയാണ്. ശബ്ദിക്കാത്ത നാവുകൾ അടിമത്വത്തിന്റെ ലക്ഷണമാണ്. ചുറ്റുപാടും എന്ത് സംഭവിച്ചാലും മിണ്ടാതിരുന്നാൽ മതി എന്ന മനോഭാവം. **നാം സ്വതന്ത്രരാകാൻ ശ്രമിക്കാതിരുന്നാൽ, സ്വയമേ നമ്മൾ അടിമകളായിക്കൊള്ളും.** 'സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രമാക്കി, അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത' (ഗലാ. 5:1). യേശുക്രിസ്തുവാണ് നമ്മുടെ സാക്ഷാൽ സ്വാതന്ത്ര്യം.

സ്വാതന്ത്ര്യം തേടിയുള്ള മനുഷ്യന്റെ യാത്ര തുടരുകയാണ്. ഭാരതീയരായ ഞങ്ങൾ എല്ലാവരും സമാധാനത്തോടും ഒരുമയോടും ജീവിക്കുന്നു എന്ന് പറയുന്ന ദിനങ്ങൾ നമ്മിൽ നിന്ന് എത്രയോ അകലെയാണ്. അനീതിയും അക്രമവും അടിച്ചേല്പിക്കപ്പെടാതെ, കെട്ടുപാടുകൾ ഇല്ലാതെ, അമിതഭാരങ്ങളുടെ വീർപ്പുമുട്ടില്ലാതെ ജീവിക്കണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അത് കൈവരിക്കണമെങ്കിൽ, സാമൂഹിക ജീവിത ധർമ്മങ്ങൾക്ക് വിധേയപ്പെട്ടും, കണക്കുബോധിപ്പിച്ചും, ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തും മാത്രമേ സാധ്യമാകൂ. അതിൽ പൗരധർമവും സാമൂഹിക ബോധവും അടങ്ങിയിട്ടുണ്ട്. എല്ലാ ജീവജാലങ്ങൾക്കുമുള്ള ദേഹബോധം എന്ന വിശക്കുമ്പോൾ ഭക്ഷണം കഴിക്കുക, ഇണചേരുക, കുഞ്ഞുങ്ങളെ പ്രസവിക്കുക ഇത്യാദി ക്രിയകളിൽ മാത്രം ഒതുങ്ങാതെ മനുഷ്യൻ ആത്മബോധത്താലും ധാർമികതയുടെ തെരഞ്ഞെടുപ്പിനാലും ജീവിതത്തെ ക്രമപ്പെടുത്താൻ വിളിക്കപ്പെട്ടിരിക്കുന്നു. തന്മൂലം **സ്വാതന്ത്ര്യം ഒരു വിലപ്പെട്ട തിരഞ്ഞെടുപ്പാണ്.** ദൈവം നമ്മിൽ അർപ്പിച്ചിരിക്കുന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും യഥോചിതം ദൈവഹിതപ്രകാരം നിർവഹിക്കുമ്പോഴാണ് സ്വാതന്ത്ര്യത്തിന്റെ ആഘോഷം നമ്മിൽ ഉദിക്കുന്നത്.

അടിമത്വവും സ്വാതന്ത്ര്യവും എത്രയോ വ്യത്യസ്തമാണ്? രണ്ടിനം ഓർമ്മകൾ മനുഷ്യരെ ഉല്ബുദ്ധരാക്കുന്നു. ഒന്ന്, അടിമത്വത്തിന്റെ ഓർമ്മകൾ. അത് കൈപ്പേറിയതാണ്. രണ്ട്, സ്വാത്രന്ത്ര്യത്തിന്റെ ഓർമ്മകൾ. അത് വിമോചനത്തിന്റേതാണ്. ആദ്യത്തേതിൽ വാതിലുകൾ അടക്കപ്പെടുമ്പോൾ, രണ്ടാമത്തേത്തിൽ പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. **സ്വാതന്ത്ര്യം ജീവസ്സുറ്റ അവസ്ഥയിലേക്കുള്ള കുതിച്ചു ചാട്ടമാണ്. സ്വാതന്ത്യം ലഭ്യമാക്കുവാൻ, സ്വാതന്ത്യം അനുഭവിക്കുവാൻ, സ്വാതന്ത്ര്യം പകർന്നുകൊടുക്കാനായി, സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വാതന്ത്രരാക്കി.** 'അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ' (ഗലാ. 3:28). ക്രിസ്തീയ വിശ്വാസികൾ എന്ന നിലയിൽ, ക്രിസ്തുവിലൂടെ നാം അനുഭവിക്കുന്ന സന്തോഷവും സ്വാതന്ത്ര്യവും, അപരനും അനുഭവിക്കുന്നണ്ടോ, നമ്മുടെ സന്തോഷങ്ങൾക്കായി അപരന്റെ സന്തോഷം അഥവാ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നുണ്ടോ എന്ന് നമുക്ക് നമ്മെത്തന്നെ ആത്മപരിശോധനയ്ക്ക് വിധേയപ്പെടുത്താം.

## വാഴ്ത്തപ്പെട്ടതാക കൂട്ടായ്മ

Rev. J. Fawcett
Tr. Albert Livingstone

Blest Be the Tie That Binds
Dennis S.M

H.G. Nageli
S.S. 506

Doh is F





# EVERYTHING HAS IT'S TIME

**Ashlin Neha Sarjine**

Once there lived a girl named Rose. She lived with her mother and father. She liked roses very much because of their beautiful appearence and fragrance. Whenever she would see a rose flower, she would ask her parents to buy it for her. So one day her parents decided to surprise her on her 6$^{th}$ birthday with a baby rose plant. Rose took the plant and kept it in her room near the window. She would water it daily and would check for flower.

After few weeks, she noticed that no flowers had bloomed yet. But there were so many thorns. She was so sad to see the thorns. She thought that her parents had fooled her by giving her a thorny bush plant instead of a Rose Plant. She stopped watering the plant. After a week, when her mother came to her room to clean it, she saw the dried rose plant. She called Rose and asked her why she didn't water the plant. Rose replied 'Mother, I know that you and dad fooled me, by giving me a thorny bush instead of a rose plant. Mother replied 'If you have waited for a few more weeks and kept watering it, you would have had a beautiful rose plant with roses. The rose grows with the thorns'.

Everything has a time. We must wait for the time by doing the necessary needs like for the rose plant watering it.

**My dear little ones,**

*I am sure you are all well aware of the proverbs: "Time and tide waits for no man", "Stitch in time saves nine". With the fleeting passage of time, our life is getting shortened day by day. An opportunity lost is lost forever. So, let us play our role most diligently.*

*Let me narrate a story below: "This story is about four children named Everybody, Somebody, Anybody and Nobody. They were given an important assignment to be done and Everybody was sure Somebody would do it. Anybody could have done it, but Nobody did it.*

*Somebody got angry about that, because it was Everybody's job. Everybody thought Anybody could do it but Nobody realised that Everybody wouldn't do it. It ended up that Everybody blamed Somebody when Nobody did what Anybody could have done. Whose role are you playing?*

*Uncle Kids'*

# BIBLICAL FEASTS - A STUDY...2



**Premula Morris**

The Bible clearly says that you have to get rid of all leavening agents in your life. In 1Corinthians 5:6-8, yeast or leaven is used to signify sin. **The command is to get rid of all leavening agents.** Think on how difficult it is to get rid of such things from our life. Are we able to identify the leavening agents? When we search and clean the house, the big bread is easy to get rid of, the packet of biscuit is also easy, but think about the crumbs under the sofa or the fridge - how difficult it is to find and think of all the hidden ones. **Some of the ones that you and I can identify can be removed. Some of the things we cannot even identify.** When we look into some packets of food we see that they contain leaven and we didn't even know that they had used that in it. Likewise in our life, are we able to identify all aspects that have leaven in it. The small leavens are the most difficult to find. Something that can be identified and found can only be removed. That's where we need the help of Jesus Christ and His word to help remove the leaven in our lives.

So first Passover and then the feast of unleavened bread. Passover indicates getting right with God by His ultimate sacrifice. Then the seven day of feast of unleavened bread which indicates walking in God's ways till delivered. In the case of the Israelites, it was deliverance from their enemies at the Red Sea crossing which happened on the seventh Sabbath. Seven denotes fullness in the Bible. Seven has many importance in the Scriptures.

In Matthew 16:6 "Then Jesus said unto them, Take heed and beware of the leaven of the Pharisees and of the Sadducees." **Who are the Pharisees and the Sadducees? The similarities are they are religious leaders of Jewish people in the Jesus's days. They are not priests.** They were not allowed to take part in offering sacrifice. They were experts in law and its interpretation. They made extra

instructions and stipulations based on their interpretation of God's law. Whether the interpretation, instruction and stipulations made the people suffer they didn't care about that.

The major difference between the Pharisees and Sadducees was that the Pharisees believed in the supernatural that is Angels, Demons, Heaven, Hell, and afterlife. The Sadducees did not. Another major difference was of standing or social status. The Pharisees were connected to common people of Jewish culture, typically merchants or business owners who had become wealthy enough to turn their attention into studying and interpreting the Scripture. The Sadducees were of aristocratic birth that is they came from families of noble birth, well connected to the political landscape of their day. **The Pharisees can be called as new money. The Sadducees can be called old money.** The Pharisees had hold over the masses of people in Jerusalem and its surrounding areas. The Sadducees were connected to the Roman government. They held political power. In Matthew 3:7, Jesus refers to them as offsprings of vipers.

In the Garden of Eden, Eve was deceived by a serpent. Genesis 3:1-5 says "Now the serpent was more subtle than any beast of the field which the Lord God had made. And he said unto the woman, Yea, hath God said, ye shall not eat of every tree of the garden? And the woman said unto the serpent, we may eat of the fruit of the trees of the garden: but of the fruit of the tree which is in the midst of the garden, God hath said, ye shall not eat of it, neither shall ye touch it, lest ye die. And the serpent said unto the woman, ye shall not surely die: for God doth know that in the day ye eat thereof, then your eyes shall be opened, and ye shall be as gods, knowing good and evil."

**The five lies said by the serpent were: 1) God will not allow them to eat of every tree in Eden. 2) You will not die. 3) Eyes would be opened. 4) Know good & 5) Know evil. Four of the five were correct. 'You shall not surely die' was untrue.** The day man ate the forbidden fruit he became a living dead. The viper or the serpent is full of deceit and false doctrine and gives advice in such a way that

those who listen to it will think that what he is saying is the truth. The lie will be sandwiched between the truths. It will be hard to identify the lies. Satan is the father of lies and deceit. Jesus referred to the Pharisees and Sadducees as offsprings of vipers and asked the people to be careful of them. He meant the deceit and the false doctrine that the Pharisees and Sadducees professed. Anything that deviates from the truth of the Word is leaven. 1 Corinthians 5:6 (b) says "Know ye not that a little leaven leaveneth the whole lump?" A little sin is enough to take a person to hell.

Let's look into the leaven of some specified in the Bible:

1) Leaven of Herod - **worldliness.** (Mark 8:15, 6:14-28)
2) Leaven of Pharisees - **hypocrisy.** They are concerned with outward appearance only, no righteousness inside. (Mathew 16:6-12, Luke 12:1)
3) Leaven of the Sadducees is - **spiritual pride and self-righteousness.** (Mathew 16: 6-12)
4) Leaven of people of Corinth - **sensuality and carnality** (1 Corinthians 5:1-13)
5) Leaven of the people of Galatia - **legalism**. (Galatians 5:9)

Some of the examples we see here are things that we have never thought as leaven. Where do we stand when we think of such leaven? Jesus is the only one perfectly capable of cleaning our house/ life off leaven, which allows us to have a relationship with a Holy God. (John 6:48-58, Mathew 4:4 & John 6:30-35)

These are the portions in the Bible that refer to Jesus Christ as a bread of life and the portion which says man shall not live by bread alone but by every word that proceedeth out of the mouth of God. So eating unleavened bread also means eating/ understanding the pure word of God. Cleansing of leaven from ones house and life has a deeper meaning of literal cleaning of house/life and spiritual cleansing of house/life.

The Passover and the feast of unleavened bread is only completed when we have eaten the Word of God to the full and come to the full

knowledge of Messiah. For a Jew, this time is a reminder and a memorial to do an inventory and purge the leaven out of their lives.

Exodus 13:9-10 “And it shall be for a sign unto thee upon thine hand, and for a memorial between thine eyes, that the LORD's law may be in thy mouth: for with a strong hand hath the LORD brought thee out of Egypt. Thou shalt therefore keep this ordinance in his season from year to year.”

## ജാതി സർട്ടിഫിക്കറ്റിനെ സംബന്ധിച്ചുള്ള കേരള സർക്കാർ ഉത്തരവ്

**File No.PIEM 3/21/2021-PIEMD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്-പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ / സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികൾക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

G.O.(P)No.1/2021/PIE&MD തീയതി,തിരുവനന്തപുരം, 07/10/2021

---

<u>ഉത്തരവ്</u>

പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾക്ക് പലവിധ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണമെന്ന് സർക്കാർ വകുപ്പുകൾ നിഷ്കർഷിച്ചിട്ടുണ്ട് . സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്നവയിൽ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ്,സേവനം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കേരള സർക്കാർ നൽകുന്ന സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു .

i. **ജാതി സർട്ടിഫിക്കറ്റ്**

നിലവിൽ വില്ലേജ് ഓഫീസർ/ തഹസിൽദാർ എന്നിവരാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. എസ്.എസ്.എൽ.സി ബുക്ക് / വിദ്യാഭ്യാസ രേഖ ഉൾപ്പെടെ പരിശോധിച്ചാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. അപേക്ഷകന്റെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് / വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ/ തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന് പകരമായി അടിസ്ഥാന രേഖയായി പരിഗണിക്കാം. അച്ഛനമ്മമാർ വ്യത്യസ്ത ജാതിയിൽ പെട്ടവരാണെങ്കിൽ അവരുടെ / അവരിലൊരാളുടെ എസ്.എസ്.എൽ.സി ബുക്ക് / വിദ്യാഭ്യാസ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള ജാതി തെളിവായി പരിഗണിക്കാം.



# ദശാംശം കൊടുക്കുക, ദൈവത്തെ മഹത്വപ്പെടുത്തുക!

## (Honour the Lord with 1/10th offering) - Part II

പ്രൊഫ. ഡോ. ജെ. ക്രിസ്റ്റഫർ

യേശു കർത്താവ് ദശാംശം നല്കുന്നവരെ പ്രോത്സാഹിപ്പിച്ചു. **"കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുവിൻ" (മത്തായി 22:20,21).** എന്നാൽ സ്വാർത്ഥത വെടിഞ്ഞ് വിശ്വസ്തതയോടെ ദശാംശവും കാണിക്കകളും കൊടുക്കേണ്ടത് ഓരോ ദൈവപൈതലിന്റെയും ചുമതലയാണ്. ന്യായപ്രമാണത്തിൽ പറയുന്ന ന്യായം, കരുണ, വിശ്വസ്തത, ദൈവസ്നേഹം മുതലായവ ത്യജിക്കുകയും, എല്ലാത്തിലും ദശാംശം കൊടുക്കുകയും ചെയ്യുന്ന ശാസ്ത്രിമാരെയും, പരീശന്മാരേയും കർത്താവ് കപടഭക്തിക്കാരെന്നു പറയുന്നു. എല്ലാ കൃഷിവിഭവങ്ങളിലും പത്തിലൊന്നു കൊടുക്കുമ്പോൾ ന്യായവും, ദൈവസ്നേഹവും ത്യജിക്കാതിരിക്കയും വേണമെന്ന് യേശു ശാസിക്കുന്നു (മത്താ. 23:13-28; ലൂക്കൊ. 11:42, 44, 52).

തങ്ങൾ നീതിമാനെന്നുറച്ച് മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ച് യേശു പറഞ്ഞ ഉപമ ശ്രദ്ധേയമാണ്.

**"രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദേവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ" (ലൂക്കൊ. 18:9-14).** പരീശൻ തന്നോടുതന്നെ "ദൈവമേ ഞാൻ നീതികെട്ട മറ്റു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ അല്ലാത്തതിനു നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടു വട്ടം ഉപവസിക്കുന്നു. നേടുന്നതിലൊക്കെയും പതാരം കൊടുത്തുവരുന്നു" എന്നിങ്ങനെ പ്രാർത്ഥിച്ചു. ചുങ്കക്കാരനോ, ദൂരത്തുനിന്നു കൊണ്ടു സ്വർഗ്ഗത്തേക്ക് നോക്കാൻ പോലും തുനിയാതെ മാറത്തടിച്ചു ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു" അവൻ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി. മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെട്ടും; തന്നെത്താൻ താഴ്ത്തപ്പെടുന്നവനെല്ലാം ഉയർത്തപ്പെട്ടും എന്നു ഞാൻ നിങ്ങളോടു പറയുന്നു".

ധനവാന്മാർ ഭണ്ഡാരത്തിൽ വഴിപാടു ഇടുന്നതു യേശു കണ്ടു. ദരിദ്രയായോരു വിധവ രണ്ടു കാശു ഇടുന്നതും കണ്ടു. എന്നിട്ട് യേശു

പറയുന്നതു ശ്രദ്ധേയമാണ്. (ലൂക്കൊ. 21:1-4; മർക്കൊ. 12:41-44) “ഈ ദരിദ്രയായ വിധവ എല്ലാവരെക്കാളും അധികം ഇട്ടിരിക്കുന്നുവെന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നല്ലോ വഴിപാടു ഇട്ടത്, ഇവളോ തന്റെ ഇല്ലായ്മയിൽ നിന്ന് തനിക്കുള്ള ഉപജീവനം ഒക്കെയും ഇട്ടിരിക്കുന്നു”.

സകലത്തിന്റെയും ഉടമസ്ഥനായ ദൈവത്തോട് നാം ദശാംശത്തിൽ വിശ്വസ്തത പാലിക്കേണ്ടതാണ്. **ദശാംശത്തിൽ വിശ്വസ്തത പാലിക്കാത്തവരുടെ അനുഭവം എന്താണ്?** നിങ്ങൾ വളരെ വിതച്ചിട്ടും അല്പമേ കൊണ്ടു വരുന്നുള്ളൂ. നിങ്ങൾ ഭക്ഷിച്ചിട്ടും പൂർത്തിവരുന്നില്ല.... നിങ്ങൾ അധികം കിട്ടുമെന്നും കാത്തിരുന്നു. എന്നാൽ അത് അല്പമായിത്തീർന്നു... എന്തുകൊണ്ട്? എന്റെ ആലയം ശൂന്യമായി കിടക്കുന്നതുകൊണ്ട്” (ഹഗ്ഗാ. 1:6-11). **സുവിശേഷ വേലയെ സഹായിക്കാൻ ദൈവം ഏർപ്പെടുത്തിയ ഒരു ലളിതമായ രീതിയാണ് ദശാംശങ്ങളും കാണിക്കകളും.** നാം നമ്മുടെ താലന്തുകൾ, ആത്മീയ വരങ്ങൾ, സമയം, ഭാഗ്യം, സമ്പത്ത് എന്നിവ ദൈവത്തിന്റെ സഭയുടെ കെട്ടുറപ്പിനുവേണ്ടി ഉപയോഗിക്കണം. കർത്താവിന്റെ ക്രൂശുമരണം, പുനരുത്ഥാനം, രണ്ടാം വരവ്, ഇവ നാം ലോകത്തോടു പറയണം. ദൈവത്തിന്റെ വേലക്കായി നാം “പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ ദൈവപ്രസാദം ലഭിക്കും. (2 കൊരി. 8:12). നാം കാണിക്കകൾ കൊടുക്കുമ്പോൾ, “സങ്കടത്തോടും നിർബന്ധത്താലും കൊടുക്കരുത്. സന്തോഷത്തോടെ കൊടുക്കുന്നവരെ ദൈവം സ്നേഹിക്കുന്നു” (2 കൊരി. 9:7).

നമ്മുടെ വിശ്വസ്തത ദൈവം പരീക്ഷിക്കുന്നത് ദശാംശത്തിലാണ്. “യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവനു എന്തുപകാരം കൊടുക്കും” (സങ്കീ. 116:12) എന്ന് നമുക്കു ചോദിക്കാം. വിശ്വസ്തതയോടെ ദശാംശവും, കാണിക്കകളും ആദ്യ ഫലങ്ങളും നല്കി ദൈവത്തെ മഹത്വപ്പെടുത്തി അനുഗ്രഹിക്കപ്പെട്ട ദൈവ ജനമായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## OBITUARY

| | | |
|---|---|---|
| Family No - 1242 | **Mr. Wilfred Daniel**<br>Kavuvila House, CRA L23, TC 11/1628,<br>Charachira, Trivandrum - 695003<br>Died on : 06-07-2023 |  |

***Please pray for the bereaved family members.***

പാട്ട്



## യുദ്ധം യഹോവക്കുള്ളത്

എസ്. ആർ. ചന്ദ്രിക ജയദാസ്

*“ജയമോ യഹോവയുടെ കൈവശത്തിൽ ഇരിക്കുന്നു”*

യുദ്ധവീരനാണെന്റെ യേശുനായകൻ,
ആത്മ യുദ്ധത്തിൽ ജയം നൽകിടുന്നവൻ
ആരിലുമാരാധ്യനാണ് സ്തുത്യനാണവൻ
തൻമക്കളെ നയിച്ചിടുന്ന ദൈവമാണവൻ (യുദ്ധവീരനാ)

ജഡരക്തങ്ങളോടല്ല നമ്മുടെ പോരാട്ടം,
ദൈവത്തിൻ സർവ്വായുധം ധരിച്ചു കൊള്ളുക.
ദൈവമാണവൻ ദൈവപുത്രനാണവൻ
പരിശുദ്ധാത്മാവെ നൽകി നടത്തിടുന്നവൻ (യുദ്ധവീരനാ)

രാജാധിരാജനാണെന്നേശു നായകൻ
കർത്താധികർത്തനാണെന്നേശു നായകൻ
ആരിലും മഹോന്നതൻ എൻ യേശുനായകൻ,
ഒരുവാക്കു കൊണ്ടു സർവ്വത്തെയും സൃഷ്ടിക്കുന്നവൻ (യുദ്ധവീരനാ)

ജഡമോഹം, കൺമോഹം, വേണ്ടാവേണ്ടിനിയും,
വിശുദ്ധിയോടെ നമ്മെതന്നെ കാത്തു സൂക്ഷിക്കാം.
“മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊള്ളുവിൻ”
നാളെ ദൈവം നമ്മുടെ മദ്ധ്യേ അത്ഭുതം ചെയ്തിടും (യുദ്ധവീരനാ)

## Answers to crossword 5

1) Ashes 2) Mars 3) Bleats 4) Two hours 5) Florence 6) Water bottle 7) Tokyo 8) Omega 9) Leopard 10) Hurry 11) Humidity 12) Benhur 13) January 14) Diamond 15) Jamesbond 16) Rain 17) Aural 18) Watt 19) Betrayed 20) Stable



# കാശ്മീർ യാത്രാ വിവരണം

**ഗോഡ്സിംഗ് ടി.**

ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ സന്തോഷവാന്മാരായി ജീവിക്കുവാൻ കല്പിച്ച് ആക്കി. യഹോവയായ ദൈവം ദിവസവും വൈകുന്നേരങ്ങളിൽ ഇവരെ സന്ദർശിച്ചിരുന്നു. ദൈവത്തോട് ഒപ്പമുള്ള ഒരു ജീവിതമായിരുന്നു അവർക്ക് ലഭിച്ചിരുന്നത്. എന്നാലും അവർ ദൈവത്തെ മറുതലിച്ച് സാത്താന്റെ പ്രേരണ മുഖാന്തിരം അരുതാത്തത് ചെയ്ത് ദൈവത്തിൽ നിന്നും അകന്നു. മനുഷ്യരുടെ സ്ഥിര താമസമായ ഏദനിൽ നിന്നും നിബന്ധനകളോടെ ദൈവം അവരെ പുറത്താക്കി. **അന്നു മുതൽ മനുഷ്യൻ സ്ഥിര താമസം വെടിഞ്ഞ് സഞ്ചാര ജീവികളായി മാറി.** തുടർന്ന്, ഉല്പത്തി പുസ്തകത്തിലും പുറപ്പാടിലും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് മനുഷ്യൻ തികച്ചും സഞ്ചാരികളായിരുന്നു എന്നാണ്. സഞ്ചാരമദ്ധ്യേ പാർക്കുന്നതിന് അവർ താത്കാലിക കൂടാരങ്ങൾ നിർമ്മിച്ചിരുന്നതായും നാം ബൈബിളിൽ വായിക്കുന്നു. പുതിയ നിയമത്തിലായാലും യേശുക്രിസ്തു തന്റെ ദൗത്യം നിർവ്വഹിക്കുന്നതിന് ഏറെ സഞ്ചരിച്ചിരുന്നു എന്നു കാണാം. യേശുവിന് സ്ഥിരമായി ഒരു വീടോ നിക്ഷേപമോ നാണയശേഖരമോ സ്ഥാവരജംഗമ സ്വത്തുക്കളോ ഉള്ളതായി നാം കാണുന്നില്ല. പക്ഷേ യേശുവിന്റെ അനുയായികളായ നാം ഇവ നേടുന്നതിനും തന്റേതുമാത്രമായി നിലനിർത്തുന്നതിനും വളരെ പണിപ്പെടുന്നത് കാണാം. **യേശു ശിഷ്യന്മാരോടും അപ്പോസ്തലന്മാരോടും പറഞ്ഞിരുന്നത് നിങ്ങൾ ലോകത്തിന്റെ അറ്റത്തോളം സഞ്ചരിച്ച് സുവിശേഷം അറിയിക്കുവാനാണ്.** ഇത്രയും ഞാൻ പറഞ്ഞത് യഹോവയായ ദൈവവും യേശുക്രിസ്തുവും സഞ്ചാര ദൗത്യ നിർവ്വഹണത്തിന് മുഖ്യ പങ്ക് വഹിച്ചിരുന്നു എന്നാണ്. വളരെ അധികം ദൂരം സഞ്ചരിച്ച് വന്ന തോമസ് അപ്പോസ്തലനിലൂടെയാണ് കേരളം ക്രിസ്തീയ വെളിച്ചം കണ്ടു എന്നതും ഞാൻ ഓർക്കുന്നു.

വളരെ പ്രകൃതി മനോഹരമായ ഒരു പ്രദേശം തന്നെയാണ് കാശ്മീർ. ശാന്തമായി ഒഴുകുന്ന നദികളും കുന്നുകളും മഞ്ഞ് നിറഞ്ഞ മലകളും പർവ്വതങ്ങളും മലകളാൽ ചുറ്റപ്പെട്ട പ്രകൃതി മനോഹരങ്ങളായ താഴ്വരകളാലും നിറഞ്ഞ പ്രദേശമാണ്. പൈൻമരങ്ങൾ ചിനാർമരങ്ങൾ ആപ്പിൾ മരങ്ങൾ എന്നിവ ആ പ്രദേശത്തെ പച്ച അണിയിക്കുന്നു. **വർഷത്തിൽ എല്ലാ സമയത്തും സഞ്ചാരികളെ ആകർഷിച്ച് മനം മയക്കുന്ന**

**വ്യത്യസ്ഥമായ കാഴ്ചകൾ കാശ്മീരിന്റെ മാത്രം പ്രത്യേകതയാണ്.** പൂത്തുലഞ്ഞ് നിൽക്കുന്ന ആപ്പിൾ മരങ്ങളണ് ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞത്. ആപ്പിൾ വിളവെടുപ്പിന് ജൂലൈ വരെ കാത്തിരിക്കണം. അവിടുത്തെ പ്രധാന കൃഷി നെല്ല്, ചോളം, കടുക്, ഉള്ളി, കാരറ്റ് മുതലായവയാണ്. തലസ്ഥാനം ശ്രീനഗറാണ്. എന്നാൽ മുഗൾ ഭരണകാലത്ത് ശീതകാലത്ത് ഭരണനിർവ്വഹണ ഓഫീസുകൾ ജമ്മുവിലേക്ക് മാറ്റി സ്ഥാപിച്ചിരുന്നു. കെട്ടിടങ്ങൾ ഏകദേശം എല്ലാം പുരാതനവും പൈതൃകം നിലനിറുത്തുന്ന തരത്തിലുള്ളതാണ്. ആധുനീക രീതിയിലുള്ള നിർമ്മാണങ്ങൾ തുടങ്ങിവരുന്നതേയുള്ളൂ. മഞ്ഞുവീഴ്ചയിൽ നിന്നും സുരക്ഷ ലഭിക്കുന്ന തരത്തിലാണ് കെട്ടിടങ്ങളും പരിസരവും ക്രമീകരിച്ചിരിക്കുന്നത്. പുരാധന കാശ്മീർ പണ്ഡിറ്റുകൾ ആയിരുന്നു അവിടത്തെ പ്രധാന ജനങ്ങൾ. എന്നാൽ ഇപ്പോൾ മിക്കവരും അവിടം വിട്ട് പാലായനം ചെയ്തു പോയി. ഇപ്പോൾ കൂടുതലും കാശ്മീരി മുസ്ലീങ്ങളാണ് അവിടെയുള്ളത്. ടൂറിസം സംബന്ധിച്ചുള്ള തൊഴിലുകളാണ് ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം. കൃഷിയും കച്ചവടവും അവരുടെ ജീവിത മാർഗ്ഗം കൂടെയാണ്. വിദ്യാഭ്യാസത്തിലും ശുചിത്വത്തിലും പിന്നോട്ടാണ് അവരുടെ സ്ഥാനം.

തിരുവനന്തപുരത്ത് നിന്ന് വിമാനമാർഗ്ഗം ഡൽഹിയിലും അവിടെ നിന്ന് ജമ്മു വഴി ശ്രീനഗർ വിമാനത്താവളത്തിലും എത്തിച്ചേർന്നു. തുടർന്ന് ക്രമീകരിച്ചിരുന്ന വാഹനത്തിലായിരുന്നു യാത്രകൾ. **കാഴ്ചകൾ ആരംഭിച്ചത് പ്രശസ്തമായ ഇന്ദിരാഗാന്ധി തൂലിപ്പ് ഗാർഡനിലാണ്.** ആ ദൃശ്യം അതീവ മനോഹരം തന്നെയാണ്. ഏഷ്യയിൽ വച്ച് ഏറ്റവും വലിയ പൂന്തോട്ടമാണത്. പച്ച പുതച്ച മലനിരകളാൽ ചുറ്റപ്പെട്ട സുന്ദരമായ 74 ഏക്കർ താഴ്വരയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. വിവിധ തട്ടുകളിൽ വളരെ ചിട്ടയോടെ പരിപാലിച്ചിരിക്കുന്നത് കാണാൻ കഴിയും. മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിവിധ വർണ്ണങ്ങളിൽ പൂത്തുലഞ്ഞ് നിൽക്കുന്ന തൂലിപ്പ് പുഷ്പങ്ങൾ മതിയാവോളം കാണാൻ കഴിഞ്ഞു. **തുടർന്ന് ഷാലിമാർ ഗാർഡൻ, മുഗൾ ഗാർഡൻ എന്നിവയും സന്ദർശിച്ചു.** എല്ലാം തന്നെ വളരെ മനോഹരങ്ങളായ ഉദ്യാനങ്ങൾ തന്നെയാണ്. ദൈവം കനിഞ്ഞു നൽകിയ ശോഭയേറിയ ഈ പൂന്തോട്ടങ്ങൾ കാശ്മീരിന്റെ മാത്രം പ്രത്യേകതയാണ്.

**സഞ്ചാരം നമ്മെ രൂപാന്തരപ്പെടുത്തുന്ന അളവ് കോലാണ്.** സഞ്ചാരത്തിലൂടെ നമ്മുടെ ജീവിതത്തിൽ അനേകം നന്മകൾ ലഭിക്കും. സ്വഭാവത്തിൽ രൂപാന്തരം ഉണ്ടാകും. ആരോഗ്യത്തിൽ ശ്രേഷ്ഠത ഉണ്ടാകും. മനസ്സിന്റെ ഊഷ്മളത വർദ്ധിക്കും. ഇവ ലഭിക്കുന്നതിനാൽ നമുക്ക് കൂടുതൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ കഴിയും എന്നതിൽ സംശയമില്ല.

# CROSSWORD PUZZLE - 6




*Compiled by*
**PREMCHAND JOHNSON**

## Across

4. Green gem (7)
5. Another word for quick (5)
7. A crippled was healed there. Acts 14:8 (6)
11. All my ..... Is before you (NIV) Ps. 38:9 (7)
13. He spoke for Moses (5)
14. Man's best friend (3)
15. Faith affirmations in every worship (13)
20. Helper in your tour (5)
21. Fragnance for the altar (7)
22. Chide (6)

## Down

1. Mistake or oversight (5)
2. Monster Job 41:1 (9)
3. Flowers with bulbs(7)
6. God's own country (6)
8. They hold peas (4)
9. First five books in the Hebrew Bible (10)
10. First color in 'vibgyor' (6)
12. Jesus Christ, he is our ..........(8)
16. Unit of time (7)
17. Light amplification by stimulated emisson of radiation (5)
18. Largest low pitched wind instrument (4)
19. Danger colour (3)

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge.Whatsapp answers in filled up grid to 9447018118 & earn fabulous gifts. ASAP

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Second Epistle to Timothy chapter 2-4, Epistle to Titus, Epistle to Philemon, Epistle to Hebrews. Kindly, read these ten chapters before attempting the quiz.In mostof the reading portionwe see a familiar theme of Apostle Pauladdressing some of the young leaders as his sons. Please substantiate your answers by stating references (verse) from the Bible.

The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before August25ththrough email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.
After taking a photo make sure that the answers are readable before sending it.
Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs You can also scan the QR code to go to the link.*

1. Who became the son of Paul while he was in chains?
2. The grace of God that brings salvation has appeared to whom?
3. Who spread false teaching that the resurrection has already taken place?
4. How many times should we warn a divisive person?
5. Who does Paul call as his true son in our common faith?
6. God spoke to our forefathers through whom?
7. Who was faithful in all God's house?
8. Who loved this world and therefore deserted Paul?
9. How did the Lord destroy the one who holds the power of death?
10. Who opposed Moses?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

The correct answers to the quiz from II Thessalonians, I Timothy, and II Timothy 1

1. Deacons (1 Tim. 3:9)
2. From every brother who is idle and does not live according to the teaching they received from Paul and his coworkers (2 Thess. 3:6)
3. The woman (1 Tim. 2:14)
4. The church of the Thessalonians (2 Thess. 1:3)
5. Paul (1 Tim. 1:13)
6. In speech, in life, in love, in faith and in purity (1 Tim. 4:12)
7. When the one who now holds it back is taken out of the way (2 Thess. 2:7,8)
8. As mothers (1 Tim. 5:2)
9. Eunice (2 Tim. 1:5)
10. The love of money (1 Tim. 6:10)

*List of people who had submitted the right answers*

1. Sujana Satish
2. Lilora P. R.
3. Meehal Godwin
4. Jolly David
5. Chandra John
6. Nesakumari Davidson
7. Gladis J.
8. Latha Job
9. Dora Johnson
10. Jolly Irene G.
11. Jothi Roberts
12. Mary Padmini Jasper
13. Nirmala Lal Jayakumar
14. Girly Rajesh Ross
15. Rajesh John Ross
16. Mershika John
17. Anitha Kingsley
18. Lalitha Jacob
19. J. Sumagala

---

*List of people who submitted answers with only one wrong*

1. Soben S. L.
2. Anie Reuben
3. Reuben S. L.

---

# ബൈബിൾ ക്വിസ്സ് - മലയാളം പരിഭാഷ

**2 ആഗസ്റ്റ് 2023**

2 തിമൊഥെയൊസ് 2-4, തീത്തൊസ്, ഫിലേമോൻ, എബ്രായർ 1-3

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. തടവിൽ ഇരിക്കുമ്പോൾ പൗലൊസ് ജനിപ്പിച്ച തന്റെ മകൻ എന്നു പറയുന്നത് ആര്?
2. രക്ഷാകരമായ ദൈവകൃപ ആർക്കാണ് ഉദിച്ചത്?
3. പുനരുത്ഥാനം കഴിഞ്ഞു എന്ന് ദുരുപദേശം പറഞ്ഞു നടന്നത് ആര്?
4. സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോടു എത്ര വട്ടം ബുദ്ധി പറയണം?
5. പൊതുവിശ്വാസത്തിൽ നിജപുത്രൻ എന്നു പൗലൊസ് വിളിക്കുന്നത് ആരെ?
6. ദൈവം പണ്ട് ആര് മുഖാന്തരമാണ് പിതാക്കാരോടു അരുളിച്ചെയ്തത്?
7. ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നതു ആര്?
8. ഈ ലോകത്തെ സ്നേഹിച്ചു പൗലൊസിനെ വിട്ടുപോയത് ആര്?
9. മരണത്തിന്റെ അധികാരിയായ പിശാചിനെ കർത്താവ് എങ്ങനെയാണ് നീക്കിയത്?
10. മോശെയോടു എതിർത്തു നിന്നത് ആര്?

# 7th Death Anniversary

(11-08-2023)



*In Ever Loving Memory of*

## G. SIVANANDAN

(Sexton)

**BY SORROWING FAMILY**

**Lalitha A. (Wife), Lijin Raj (Son), Soumya (Daughter)**

**ജി. ശിവാനന്ദൻ കപ്യാർ** കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടിട്ടു 7 വർഷങ്ങ്ൾ പിന്നിട്ടിരിക്കുന്നു. 1989 സെപ്റ്റംബറിൽ എം.എം. ചർച്ച് അറ്റന്റന്റ് ആയി സേവനത്തിൽ പ്രവേശിച്ചു. തുടർച്ചയായ 16 വർഷത്തെ പ്രവർത്തനങ്ങൾക്ക് ശേഷം 2005-ൽ സഭയുടെ കപ്യാർ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടു, ശ്മശാനത്തോട് ചേർന്നുള്ള കപ്യാർ ക്വാർട്ടേഴ്സിൽ, ഭാര്യയോടും രണ്ട് മക്കളോടും ഒപ്പം താമസമാക്കി. സേവനകാലയളവിൽ തന്നെ ഇരുമക്കളും വിവാഹിതരായി. ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കു മദ്ധ്യേ, 2015 ആയപ്പോഴേക്കും, രോഗബാധിതനായി തന്റെ ചുമതലകൾ നന്നായി നിർവഹിക്കാൻ കഴിയാത്തതിനാൽ സ്വമേധയായി വിരമിച്ചെങ്കിലും, സാധാരണ വിരമിക്കൽ കാലമായ 2016 വരെ എം. എം. ചർച്ച് പൂർണ ശമ്പളം നൽകി സംരക്ഷിച്ചു. പിന്നീട്, മരണം വരെ പെൻഷൻ നൽകപ്പെട്ടു.

ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും ക്രിസ്തീയ വിശ്വാസം സ്വീകരിച്ച ശിവാനന്ദൻ ഒരു തികഞ്ഞ ഭക്തനായിരുന്നു. പള്ളി ശുശ്രൂഷ ദൈവ ശുശ്രൂഷയായി ബോധ്യപ്പെട്ട്, ദൈവാലയ ആരാധനകൾക്ക് സജീവ സേവന മർപ്പിച്ചു. മാറിമാറി വന്ന സഭാ ശുശ്രൂഷകർക്കും, സഭാ കമ്മിറ്റിക്കും, പോഷക സംഘടനകളുടെ ഭാരവാഹികൾക്കും ആവശ്യമായ സേവനങ്ങൾ നൽകി യിരുന്നു. സഭാംഗങ്ങങ്ങളുടെ കുടുംബങ്ങളിലെ കല്യാണം/മരണം, മറ്റു വിശേഷ സന്ദർഭങ്ങൾ എന്നിവയ്ക്ക് സമ്പൂർണ്ണ സഹകരണം കാഴ്ചവെച്ചു. വിനയ ശീലനും മിതഭാഷിയുമായിരുന്ന ശിവാനന്ദൻ തന്നാൽ ആവോളം ശുശൂഷകൾ അർപ്പിച്ച് നിത്യ സ്വസ്ഥതയിൽ പ്രവേശിച്ചു. അദ്ദേഹത്തിലൂടെ നമ്മുടെ സഭക്ക് ലഭിച്ച സേവനങ്ങളെ ഓർത്തു ദൈവത്തിനു സ്തോത്രം.

***ഡോ. ക്രിസ്റ്റെൻസൺ ഇ. സാരസം***

## 10th Death Anniversary

## 13-08-2023

### In Ever Loving Memory of



# ANNAMMAL SARADA WILSON

**02-08-1950 - 13-08-2013**

Watts Lane, Nanthencode

By sorrowing Family

**James Wilson**

**Dilip Wilson, Jasmine A, Leona**

**Prathap Wilson, Tejal Tilak Baker & Ivana**

Memorial Days are observed on 2nd August & 13th August
In Balika Mandiram, LMS Compound